Std. 9 - Chapter 2 - Revision - Main points

പാഠം 2 – അടയാളങ്ങളും പ്രതീകങ്ങളും

No.	ചോദ്യം	ഉത്തരം
1	എന്തുകൊണ്ടാണ് ദൈവം ഇസ്രയേൽ ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയസർപ്പങ്ങളെ അയച്ചത്	ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും മോചിതരായി കാനാൻ ദേശത്തേക്കുള്ള യാത്രയിൽ ഇസ്രയേൽ ജനം ദൈവത്തിനും മോശയ്ക്കുമെതിരായി സംസാരിച്ചതുകൊണ്ടാണ് ദൈവം ഇസ്രയേൽ ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയസർപ്പങ്ങളെ അയച്ചത്.
2	സർപ്പങ്ങളുടെ ദംശനമേറ്റ് വളരെപ്പേർ മരിച്ചപ്പോൾ ജനം മോശയുടെ അടുക്കൽ വന്നു പറഞ്ഞത് എന്താണ്?	അങ്ങേക്കും കർത്താവിനും എതിരായി സംസാരിച്ച് ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോടു പ്രാർത്ഥിക്കണമേ!
3	മോശ ജനത്തിനുവേണ്ടി എന്ത് ചെയ്തു?	മോശ ജനത്തിനുവേണ്ടി കർത്താവിനോട് പ്രാർത്ഥിച്ചു.
4	മോശയോട് ദൈവം എന്താണ് കൽപ്പിച്ചത്?	ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്താൻ ദൈവം കൽപ്പിച്ചു.
5	പിച്ചളസർപ്പത്തെ നോക്കിയവർക്ക് എന്ത് സംഭവിച്ചു?	പാമ്പുകടിയേറ്റിട്ടും പിച്ചളസർപ്പത്തെ നോക്കിയവർ മരിച്ചുപോയില്ല; അവർ ജീവിച്ചു.
6	പിച്ചളസർപ്പം എന്തിന്റെ അടയാളമായിരുന്നു?	രക്ഷയുടെ അടയാളമായിരുന്നു.
7	സംഖ്യ 21:59 ലെ പിച്ചളസർപ്പത്തിന്റെ സംഭവം എന്താണ് പഠിപ്പിക്കുന്നത്?	ദൈവത്തിൽ വിശ്വസിച്ച് അവിടുന്ന് നൽകിയ രക്ഷയുടെ അടയാളത്തിലേക്ക് നോക്കുന്നവർ രക്ഷിക്കപ്പെടുമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു.
8	**1. പിച്ചളസർപ്പത്തിന്റെ അടയാളം ഈശോയിൽ അർത്ഥവത്തായതെങ്ങനെ?**	ഇസ്രായേൽജനം മരുഭൂമിയിൽ പാപം ചെയ്തപ്പോൾ വിഷസർപ്പങ്ങളുടെ ദോഷത്തിൽനിന്ന് രക്ഷിക്കാനായി മോശ ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്തി. അതിനെ നോക്കിയവർ ജീവിച്ചു. ഇത് രക്ഷയുടെ അടയാളമായിരുന്നു. ഈ അടയാളം ഈശോയിൽ പൂർണ്ണമായി. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടണമെന്ന് ഈശോ പറഞ്ഞു. കുരിശിൽ ഉയർത്തപ്പെട്ട ഈശോമിശിഹായിലൂടെ പാപത്തിൽനിന്നും മരണത്തിൽനിന്നും മനുഷ്യർക്കു രക്ഷ ലഭിച്ചു. (സംഖ്യ 21:5–9; യോഹന്നാൻ 12:32)
9	"ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും" എന്ന വചനം എവിടെയാണ്?	യോഹന്നാൻ 12:32 ൽ.
10	അടയാളങ്ങൾ മനുഷ്യജീവിതത്തിൽ എന്ത് പങ്ക് വഹിക്കുന്നു?	നേരിട്ട് കാണാനും കേൾക്കാനും അറിയാനും അനുഭവിക്കാനും കഴിയാത്ത പല യാഥാർത്ഥ്യങ്ങളെ മറ്റൊരു മാധ്യമത്തിലൂടെ സൂചിപ്പിക്കാനും പ്രകടിപ്പിക്കാനും അടയാളങ്ങൾ സഹായിക്കുന്നു.
11	സ്നേഹത്തിന്റെ ദൃശ്യമായ അടയാളങ്ങൾ ഏതെല്ലാം?	ആലിംഗനം, സമ്മാനദാനം തുടങ്ങിയവ സ്നേഹത്തിന്റെ ദൃശ്യമായ അടയാളങ്ങളാണ്.

No.	ചോദ്യം	ഉത്തരം
12	കൈയടിയും നൃത്തവും എന്തിന്റെ അടയാളങ്ങളായി കണക്കാക്കാം?	ആഹ്ലാദത്തിന്റെയും അഭിനന്ദനത്തിന്റെയും അടയാളങ്ങളായി കണക്കാക്കാം.
13	റോഡിലെ ഗതിവിഗതികൾ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ എന്താണ്?	റോഡിന്റെ ഗതിവിഗതികൾ സൂചിപ്പിക്കുന്ന മുദ്രകളും സ്ഥാലങ്ങളുടെ ദിശ കാണിക്കുന്ന ബോർഡുകളും അടയാളങ്ങളാണ്.
14	മനുഷ്യന്റെ വാക്കുകളും ആംഗ്യങ്ങളും എന്തിനെ സൂചിപ്പിക്കുന്നവയാണ്?	ഏതെങ്കിലും ആദൃശ്യയാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന അടയാളങ്ങളാണ്.
15	അടയാളങ്ങളെ പൊതുവെ എങ്ങനെ രണ്ടായി തിരിക്കാം?	സ്വാഭാവിക അടയാളങ്ങളും കൽപ്പിത അടയാളങ്ങളും എന്നിങ്ങനെ രണ്ടായി തിരിക്കാം.
16	സ്വാഭാവിക അടയാളങ്ങൾ എന്താണ്?	സൂചിപ്പിക്കുന്ന യാഥാർത്ഥ്യവുമായി സ്വാഭാവികമായി ബന്ധമുള്ള അടയാളങ്ങളാണ് സ്വാഭാവിക അടയാളങ്ങൾ.
17	സ്വാഭാവിക അടയാളങ്ങൾക്ക് ഉദാഹരണം നൽകുക.	തീ ഒരു യാഥാർത്ഥ്യമാണ്; അതിൽനിന്ന് ഉണ്ടാകുന്ന പുക തീയുടെ സ്വാഭാവിക അടയാളമാണ്.
18	കൽപ്പിത അടയാളങ്ങൾ എന്താണ്?	മനുഷ്യൻ സ്വതന്ത്രബുദ്ധിയാൽ നിശ്ചയിച്ച് ഒരു കാര്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന അടയാളങ്ങളാണ് കൽപ്പിത അടയാളങ്ങൾ.
19	കൽപ്പിത അടയാളത്തിന് ഉദാഹരണം എന്താണ്?	ദേശീയപതാക ഒരു കൽപ്പിത അടയാളമാണ്.
20	**2. അടയാളങ്ങളും പ്രതീകങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ്?**	അടയാളം ഒരു യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നതാണ്. എന്നാൽ എല്ലാ അടയാളങ്ങളും പ്രതീകങ്ങളല്ല. മനുഷ്യൻ തന്റെ സ്വതന്ത്രബുദ്ധിയിൽ ഒരു പ്രത്യേക യാഥാർത്ഥ്യത്തെ സൂചിപ്പിക്കാനായി നിശ്ചയിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന അടയാളമാണ് പ്രതീകം. ഉദാഹരണത്തിന് തീയിൽ നിന്നുള്ള പുക തീയുടെ സ്വാഭാവിക അടയാളമാണ്; ദേശീയ പതാക ഒരു കൽപ്പിത അടയാളവും പ്രതീകവുമാണ്.
21	പ്രതീകം എന്താണ്?	മനുഷ്യൻ തന്റെ സ്വതന്ത്രബുദ്ധിയിൽ ഒരു പ്രത്യേക യാഥാർത്ഥ്യത്തെ സൂചിപ്പിക്കാനായി നിശ്ചയിച്ച് അംഗീകരിച്ച അടയാളമാണ് പ്രതീകം.
22	ത്രാസ് എന്തിന്റെ പ്രതീകമാണ്?	നീതിയുടെ പ്രതീകമാണ് ത്രാസ്.
23	ഒലിവിൻകൊമ്പുമായി പറക്കുന്ന പ്രാവ് എന്തിന്റെ പ്രതീകമാണ്?	സമാധാനത്തിന്റെ പ്രതീകമാണ്.
24	ചെങ്കോൽ എന്തിന്റെ പ്രതീകമാണ്?	രാജകീയ അധികാരത്തിന്റെ പ്രതീകമാണ്.
25	ദൈവാരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം എന്താണ്?	അദൃശ്യനും മഹത്തപൂർണനുമായ ദൈവത്തെ അനുഭവിക്കാനും ദൈവികരഹസ്യങ്ങളെ മനസ്സിലാക്കാനും അനുഭവവേദ്യമാക്കാനും അടയാളങ്ങളും പ്രതീകങ്ങളും സഹായിക്കുന്നു.
26	ദൈവാരാധനയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും എന്തിനെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു.	നമ്മുടെ രക്ഷയുടെ സ്വർഗീയ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു.

No.	ചോദ്യം	ഉത്തരം
27	എങ്ങനെയുള്ള അടയാളങ്ങളാണ് ആരാധനക്രമത്തിലുള്ളത്.	സഭാമാതാവ് മിശിഹായിൽ നിന്ന് ലഭിച്ച അധികാരത്താൽ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും ശക്തിയിലും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടയാളങ്ങളാണ് ആരാധനക്രമത്തിലുള്ളത്.
28	ആരാധനയിലെ അടയാളങ്ങൾ എന്ത് ചെയ്യുന്നു?	നമ്മുടെ രക്ഷയുടെ സ്വർഗീയ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ക്രിസ്തുവിന്റെ രക്ഷാകര സാന്നിധ്യം അനുഭവിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു.
29	**3. കുറിപ്പെഴുതുക. അടയാളങ്ങളും പ്രതീകങ്ങളും ആരാധനക്രമത്തിൽ.**	ദൈവാരാധനയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും നമ്മുടെ രക്ഷയുടെ സ്വർഗീയ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു. സഭാമാതാവ് മിശിഹായിൽ നിന്ന് ലഭിച്ച അധികാരത്താൽ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും ശക്തിയിലും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടയാളങ്ങളാണ് ആരാധനക്രമത്തിലുള്ളത്. അവ മിശിഹാസംഭവത്തെ സ്പർശിച്ചനുഭവിക്കാൻ നമ്മെ സഹായിക്കുന്നു.
30	കൂദാശകളെ അടയാളങ്ങൾ എന്ന് വിളിക്കുന്നതെങ്ങനെ?	അദൃശ്യമായ ദൈവകൃപയെ ദൃശ്യമായ അടയാളങ്ങളിലൂടെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നവയായതിനാൽ കൂദാശകൾ അടയാളങ്ങളാണ്.
31	കൂദാശകളിലൂടെ ലഭിക്കുന്ന കൃപ എന്താണ്?	ദൈവത്തിന്റെ അദൃശ്യമായ കൃപയിൽ പങ്കുചേരാൻ കൂദാശകൾ വഴി വിശ്വാസികൾക്ക് സാധിക്കുന്നു.
32	**4. 'ആരാധനാക്രമത്തിലെ അടയാളങ്ങളെ എത്രയായി തരംതിരിച്ചിരിക്കുന്നു? ഏതെല്ലാം?**	ആരാധനാക്രമത്തിലെ അടയാളങ്ങളെ ഏഴായി തരംതിരിച്ചിരിക്കുന്നു. വാക്കുകൾ, കർമ്മങ്ങൾ, വസ്തുക്കൾ, സ്ഥലങ്ങൾ, വ്യക്തികൾ, കലകൾ, കാലങ്ങൾ എന്നിവയാണ് അവ.
33	ആരാധനയിൽ വാക്കുകളുടെ പ്രാധാന്യം എന്താണ്?	ആരാധനയിലെ ആശയങ്ങളും കർമ്മാനുഷ്ഠാനങ്ങളുടെ ഉദ്ദേശ്യവും അർത്ഥവും വ്യക്തമാക്കുന്ന അടയാളങ്ങളാണ് വാക്കുകൾ.
34	കുർബാനയിൽ കൈ കഴുകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന എന്ത് സൂചിപ്പിക്കുന്നു?	"സകലത്തിന്റെയും നാഥനായ ദൈവം തന്റെ അനുഗ്രഹമാകുന്ന ജലത്താൽ നമ്മുടെ പാപങ്ങളുടെ കറ കഴുകിക്കളയട്ടെ" എന്ന പ്രാർത്ഥന കൈകഴുകുന്ന കർമ്മത്തിന്റെ ആന്തരിക അർത്ഥം വ്യക്തമാക്കുന്നു.
35	മാമ്മോദീസായിൽ വെള്ളമൊഴിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയുടെ പ്രാധാന്യം എന്താണ്?	മാമ്മോദീസായിൽ സ്നാനാർത്ഥികളുടെ ശിരസ്സിൽ ജലമൊഴിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയാണ് പ്രസ്തുത കർമ്മത്തെ കൂദാശയാക്കി മാറ്റുന്നത്.
36	ആരാധനയിലെ കർമ്മങ്ങൾ എന്താണ്?	ശരീരത്തിന്റെ വിവിധ ചലനങ്ങളും നിലപാടുകളും വഴി ആന്തരികമായ ആത്മീയഭാവങ്ങൾ പ്രകടിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് കർമ്മങ്ങൾ.
37	ആരാധനയിലെ കർമ്മങ്ങൾക്ക് ഉദാഹരണങ്ങൾ ഏതെല്ലാം?	കുനിഞ്ഞാചാരം ചെയ്യുക, കൈ വിരിച്ചുപിടിക്കുക, നിൽക്കുക, മുട്ടുകുത്തുക എന്നിവ ആരാധനയിലെ കർമ്മങ്ങളുടെ ഉദാഹരണങ്ങളാണ്.

No.	ചോദ്യം	ഉത്തരം
38	ആരാധനയിൽ ഉപയോഗിക്കുന്ന വസ്തുക്കളെ എങ്ങനെ രണ്ടായി തിരിക്കാം?	പ്രകൃതിവസ്തുക്കളും മനുഷ്യനിർമിത വസ്തുക്കളും എന്നിങ്ങനെ രണ്ടായി തിരിക്കാം.
39	ആരാധനയിലെ പ്രകൃതിവസ്തുക്കൾക്ക് ഉദാഹരണങ്ങൾ എന്തെല്ലാം?	വെള്ളം, വീഞ്ഞ്, എണ്ണ, അപ്പം എന്നിവ പ്രകൃതിവസ്തുക്കളാണ്.
40	ആരാധനയിലെ മനുഷ്യനിർമിത വസ്തുക്കൾക്ക് ഉദാഹരണങ്ങൾ എന്തെല്ലാം?	അൾത്താര, തിരുവസ്ത്രങ്ങൾ തുടങ്ങിയവ മനുഷ്യനിർമിത വസ്തുക്കളാണ്.
41	ആരാധനയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം?	ബലിവേദി (മദ്ബഹ), വചനവേദി (ബേമ്മ), ഉപപീഠങ്ങൾ (ബേസ്ഗസ), മാമ്മോദീസാത്തൊട്ടി തുടങ്ങിയവയാണ് പ്രധാന ആരാധനാസ്ഥലങ്ങൾ.
42	ആരാധനയിൽ വ്യക്തികൾ എങ്ങനെ അടയാളങ്ങളാകുന്നു?	ആരാധനയ്ക്കായി നിയോഗിക്കപ്പെട്ട വ്യക്തികൾ തങ്ങൾ നിർവഹിക്കുന്ന ശുശ്രൂഷയിലൂടെ പ്രത്യേക ആത്മീയ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുന്നു. പുരോഹിതൻ ക്രിസ്തുവിന്റെ സ്ഥാനത്തെ സൂചിപ്പിക്കുന്നു; ഡീക്കന്മാർ ദൈവാരാധനയിൽ മാലാഖമാരെ സൂചിപ്പിക്കുന്നു.
43	ആരാധനാക്രമത്തിൽ അടയാളങ്ങളും പ്രതീകങ്ങളും എപ്രകാരമാണ് ഉപയോഗിക്കുന്നത്?	ദൈവാരാധനയിൽ അദൃശ്യനും മഹത്തപൂർണ്ണനുമായ ദൈവത്തെ അനുഭവിക്കാനും രക്ഷയുടെ സ്വർഗീയ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യാനും അടയാളങ്ങളും പ്രതീകങ്ങളും ഉപയോഗിക്കുന്നു.
44	ദൈവാരാധനയിൽ കലകളുടെ പ്രാധാന്യം എപ്രകാരമാണ് ?	ദൈവാരധനയിൽ കലകൾക്ക് പ്രതീകാത്മകമായ അർത്ഥമുണ്ട്. ചിത്രപ്പണികളാൽ അലങ്കരിക്കപ്പെട്ട മദ്ബഹ മഹത്വപൂർണ്ണമായ സ്വർഗത്തെയും, ആരാധനാവേളയിൽ ആലപിക്കുന്ന ഗാനങ്ങൾ മാലാഖമാരുടെ സ്വർഗീയ കീർത്തനങ്ങളെയും സൂചിപ്പിക്കുന്നു.
45	ദൈവാരാധനയിൽ കാലങ്ങളുടെ പ്രാധാന്യം എപ്രകാരമാണ് ?	ദൈവവും ദൈവികരഹസ്യങ്ങളും കാലത്തിന് അതീതമാണ്. എന്നാൽ മനുഷ്യൻ ജീവിക്കുന്നത് കാലത്തിനു വിധേയനായാണ്. അതുകൊണ്ടുതന്നെ കാലത്തിനതീതമായ ദൈവികരഹസ്യങ്ങൾ അടയാളങ്ങളിലൂടെ മാത്രമേ കാലത്തിനുള്ളിൽ അവതരിപ്പിക്കാൻ സാധിക്കൂ.
46	**5. ദൈവാരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം എന്തെന്ന് വിശദമാക്കുക.**	അദൃശ്യനായ ദൈവത്തെയും ദൈവികരഹസ്യങ്ങളെയും മനുഷ്യർക്കു മനസ്സിലാക്കാനും അനുഭവിക്കാനും സഹായിക്കുന്ന മാധ്യമങ്ങളാണ് അടയാളങ്ങളും പ്രതീകങ്ങളും. രക്ഷയുടെ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നതിലൂടെ ആരാധനയെ അർത്ഥപൂർണ്ണവും അനുഭവസമ്പന്നവുമാക്കുന്നു. പ്രത്യേകിച്ച് വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും ഉപയോഗിക്കുന്ന അടയാളങ്ങളിലൂടെ ദൈവകൃപയിൽ പങ്കുചേരാൻ വിശ്വാസികൾക്ക് സാധിക്കുന്നു.